സ്കൂൾ ടീച്ചേഴ്സിന് പതിനയ്യായിരം രൂപയും സീനിയർ സെക്കന്ററി സ്കൂൾ ടീച്ചേഴ്സിന് ഇരുപതിനായിരം രൂപയും ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾമാർക്ക് ഇരുപതിനായിരം രൂപ പ്ലസ് അഡീഷണൽ അലവൻസ് ക്ലറിക്കൽ സ്റ്റാഫിന് ആറായിരം രൂപയും ക്ലാസ് ഫോർ സ്റ്റാഫിന് നാലായിരത്തി അഞ്ഞൂറ് രൂപയും വച്ച് പ്രതിമാസ ശമ്പളം നൽകണമെന്ന് 14-9-2012-ലെ ഡബ്ല്യു.എ. നമ്പർ 1042/12 വിധിന്യായത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിട്ടുകയും സർക്കാർ അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ മേഖലയിലെ കടുത്ത ചൂഷണം അവസാനിപ്പിക്കുന്നതിനും അൺ-എയ്ഡഡ് സ്കൂളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരെ മിനിമം വേതനത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുമായി ഒരു നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

6.അത്തിപ്പൊറ്റ പാലത്തിന്റെ പുനർനിർമ്മാണം

ശ്രീ. എ. കെ. ബാലൻ: സർ, ഒരിക്കൽ ഈ വിഷയം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്, ഒരു ഫലവുമുണ്ടായില്ല. വീണ്ടും ഒന്നുകൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. തൃശ്ശൂർ - പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്ന തരൂർ മണ്ഡലത്തിലെ കഴനി-പഴമ്പാലക്കോട് റോഡിൽ ഗായത്രി പുഴയ്ക്കുകുറുകെയുള്ള പഴക്കം ചെന്ന അത്തിപ്പൊറ്റ പാലം അപകടാവസ്ഥയിലായിട്ട് വർഷങ്ങളായി. 14-8-2009-ലെ സർക്കാർ ഉത്തരവുപ്രകാരം പാലം പുതുക്കിപ്പണിയുന്നതിന് മൂന്നുകോടി മുപ്പത്തിയഞ്ച് ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചെങ്കിലും തുടർ നടപടി സ്വീകരിക്കാൻ പൊതുമരാമത്ത് വകുപ്പിനായില്ല. പുതിയ പാലം നിർമ്മിക്കുവാൻവേണ്ടി ഭൂമി ഏറ്റെടുക്കേണ്ടിവരുന്നതിനാൽ അതിനും ഒരു നടപടിയും സ്വീകരിച്ചില്ല. എന്നാൽ മണ്ഡലം എം.എൽ.എ. എന്ന നിലയിൽ ആവശ്യമായിട്ടുള്ള ഭൂമി സറണ്ടർ ചെയ്യാൻ ഒരു ഭൂവുടമയെ സമീപിക്കുകയും അദ്ദേഹം അത് സമ്മതിക്കുകയും ചെയ്തു. അത് രേഖാമൂലം കൈമാറുകയും ചെയ്തു. ഇതിനിടെ നാലുപ്രാവശ്യം എസ്റ്റിമേറ്റ് പുതുക്കി. ഇപ്പോൾ എട്ട് കോടി രൂപയുടെ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി വീണ്ടും സർക്കാരിന് സമർപ്പിച്ചു. എന്നാൽ സാമ്പത്തിക ഞെരുക്കമായതിനാൽ അടുത്ത സാമ്പത്തികവർഷം സമർപ്പിക്കണമെന്ന് കാണിച്ചുകൊണ്ട് സെക്രട്ടേറിയറ്റിൽ നിന്നും ഫയൽ മടക്കി. ഓരോ വർഷവും ഫയൽ സമർപ്പിക്കുമ്പോൾ എസ്റ്റിമേറ്റ് പുതുക്കാൻ ആവശ്യപ്പെടും.

LIBRARY ARCHIVES Kerala Legislative Assembly

പുതുക്കി നൽകുമ്പോൾ തെരഞ്ഞെടുപ്പെന്നും സാമ്പത്തിക ഞെരുക്കമെന്നുമൊക്കെ പറയും. അങ്ങനെ ഓരോരോ കാരണങ്ങൾ കണ്ടെത്തി ഫയൽ മടക്കുകയാണ് പതിവ്. ഈ കാര്യത്തിൽ പലപ്പോഴായി ഇതേ സഭയിൽ നൽകിയ ഉറപ്പുപോലും പാലിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പും ധനകാര്യ വകുപ്പും ഇപ്രകാരം ഫയൽ തട്ടിക്കളിച്ചുകൊണ്ടിരിക്കുകയാണ്. തികച്ചും അപകടസ്ഥിതിയിലായിട്ടുള്ള ഈ പാലം ഏത് സമയവും അപകടത്തിലാകാം. നിരവധി അപകടങ്ങളുണ്ടാകാം. അതിന്റെ പരിപൂർണ്ണമായ ഉത്തരവാദിത്തം ഈ ഗവൺമെന്റ് ഏറ്റെടുക്കേണ്ടിവരും. ഞാനത് ധനകാര്യവകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറിയോട് പറഞ്ഞതാണ്. തൃശ്ശൂർ മെഡിക്കൽ കോളേജ്, പ്രസിദ്ധമായ തിരുവില്വാമല ക്ഷേത്രം എന്നിവിടങ്ങളിലേക്ക് രോഗികളും തീർത്ഥാടകരും യാത്രചെയ്യുന്ന തിരക്കുപിടിച്ച റൂട്ടിലാണ് പാലം സ്ഥിതിചെയ്യുന്നത്. ഈ റൂട്ടിലെ വാഹനത്തിരക്കും സ്ഥലത്തിന്റെ പ്രാധാന്യവും പാലത്തിന്റെ അപകടാവസ്ഥയും പരിഗണിച്ച് അത്തിപ്പൊറ്റ പാലം പുനർനിർമ്മിക്കാൻ 2009-ൽ നൽകിയ എ. എസ്. പരിശോധിച്ച് ഈ സാമ്പത്തിക വർഷം തന്നെ ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇനി ഇത് ഒരു സബ്മിഷനായി ഇവിടെ കൊണ്ടുവരാൻ ബഹുമാനപ്പെട്ട മന്ത്രി എന്നെ നിർബന്ധിപ്പിക്കരുത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഈ സബ്മിഷനിൽ പറഞ്ഞിട്ടുള്ള കാര്യം വളരെ പ്രധാനപ്പെട്ടതാണ്. 2009-ലെ സ്റ്റിമുലസ് പാക്കേജിലാണ് ഈ പാലം അനുവദിച്ചത്. അന്ന് അനുവദിക്കുമ്പോൾ ഈ പാലത്തിന് സ്ഥലം ഏറ്റെടുത്തിട്ടില്ലായിരുന്നു. സ്ഥലം ഏറ്റെടുക്കുന്നതിലുണ്ടായ ബുദ്ധിമുട്ടാണ് ഇതിൽ സംഭവിച്ചത്. അല്ലാതെ മറ്റ് വിഷമങ്ങളൊന്നുമുണ്ടായിരുന്നില്ല. ഇപ്പോൾ സ്ഥലം ലഭിച്ചിട്ടുണ്ട്. സ്ഥലം കിട്ടിയപ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റ് അനുസരിച്ച് എട്ട് കോടി രൂപ ഇപ്പോൾ ആവശ്യമുണ്ട്. തീർച്ചയായും അടുത്ത ബഡ്ജറ്റ് കഴിഞ്ഞതിനുശേഷം അത് ഏറ്റവും പ്രധാനപ്പെട്ട ലിസ്റ്റിൽ ഉൾപ്പെടുത്തി എ.എസ്. കൊടുക്കാനുള്ള നടപടി സ്വീകരിക്കാം.

IX മേശപ്പുറത്തുവച്ച കടലാസ്സുകൾ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ഓർഡിനൻസ് (2015-ലെ 2-ാം നമ്പർ ഓർഡിനൻസ്)

LIBRARY ARCHIVES Kerala Legislative Assembly